പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.253

12/03/2018 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസരംഗത്ത് നിലവാര പരിശോധനയ്ക്കായി സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.എം.രാജഗോപാലൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നവീന ആശയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനായി കൗൺസിലിനെ എത്തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡോ.രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും പ്രസ്തുത കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും MHRDയുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയുമുണ്ടായി. ജനാധിപത്യസ്വഭാവം ഉറപ്പു വരുത്തുന്ന തരത്തിലാണ് കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഉന്നത വിദ്യാഭ്യാസത്തിൽ ഭാഗഭാക്കുകളാകുന്നവർക്കും നേരവകാശികൾക്കും (stakeholders) പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഘടന. സമൂഹത്തിന്റെ പരിച്ഛേദം പ്രതിഫലിക്കുന്ന തരത്തിലാണ് കൗൺസിലിന്റെ ത്രിതല സംവിധാനം ഒരുക്കിയിട്ടുള്ളത്.<br>ബഹു.ഗവർണറാണ് കൗൺസിലിന്റെ പേട്രൺ. ബഹു.മുഖ്യമന്ത്രി വിസിറ്ററും, ബഹു.വിദ്യാഭ്യാസ മന്ത്രി കൗൺസിലിന്റെ ചെയർമാനുമാണ്. അഡ്വൈസറി ബോഡിയും ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് |

ബോഡിയും അടങ്ങുന്ന ത്രിതല സംവിധാനമാണ് കൗൺസിലിന് ഉള്ളത്. അഡ്വൈസറി ബോഡിയിൽ ബഹു.മുഖ്യമന്ത്രിയും ബഹു.പ്രതിപക്ഷ നേതാവും അംഗങ്ങളാണ്. കൃഷി, ആരോഗ്യം, നിയമം എന്നീ വകുപ്പ് മന്ത്രിമാർക്ക് പുറമെ രാജ്യസഭയിലേയും ലോക് സഭയിലേയും ഓരോ എം.പി.മാർ, ബഹു.നിയമസഭാ സ്പീക്കർ നോമിനേറ്റ് ചെയ്യുന്ന 5 എം.എൽ.എമാർ, ഒരു കോർപ്പറേഷൻ മേയർ, ഒരു മുനിസിപ്പൽ ചെയർപേഴ്സൺ, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ, വിവിധ തുറകളിൽ പ്രാഗത്ഭ്യം തെളിയിച്ച വിദഗ്ധർ എന്നിവരും ഈ ബോഡിയിൽ അംഗങ്ങളാണ്. ബഹു.വിദ്യാഭ്യാസ മന്ത്രി അദ്ധ്യക്ഷത വഹിക്കുന്ന ഗവേണിംഗ് ബോഡിയിൽ സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലേയും വൈസ് ചാൻസിലർമാർ അംഗങ്ങളാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്ലാനിംഗ് ബോർഡ് അംഗം, 5 വിദ്യാഭ്യാസ വിചക്ഷണർ, 2 വിദ്യാർത്ഥി പ്രതിനിധികൾ, അനദ്ധ്യാപക ജീവനക്കാരുടെ ഒരു പ്രതിനിധി എന്നിവരും ഈ ബോഡിയിലുണ്ട്. തികച്ചും ജനാധിപത്യ സ്വഭാവത്തിലുള്ള സംഘടനാ സംവിധാനമാണ് കൗൺസിലിന്റേത്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യയന രംഗത്ത് നിലവാര പരിശോധനയ്ക്കായി അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ

(ബി) അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (API) എന്ന സംവിധാനം ഏർപ്പെടുത്തുക വഴി അക്കാദമിക ഗുണനിലവാരം താഴുവാനിടയായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ

| | | | |
|---|---|---|---|
| | എന്ന സംവിധാനം ഏർപ്പെടുത്തിയത് അക്കാദമിക ഗുണനിലവാരം താഴ്ത്താൻ ഇടയാക്കിയത് പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള ആശയരൂപീകരണം നടത്താൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സാധ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | മേഖലയിലെ സംസ്ഥാനത്തിന്റെ പ്രത്യേകത പരിഗണിച്ച് അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ സ്കോർ നിർണ്ണയിക്കുന്ന രീതിയിൽ മാറ്റം വരുത്തുവാനാകുമോ എന്ന് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | കരിക്കുലം പരിഷ്കരണത്തിനും അക്കാദമിക പരീക്ഷാ കലണ്ടർ രൂപീകരണത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ? | (സി) | കരിക്കുലം പരിഷ്കരണം ബന്ധപ്പെട്ട സർവ്വകലാശാല കളാണ് നടപ്പിൽ വരുത്തുന്നത്. സർവ്വകലാശാല കളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഇ-ഗവേർണൻസ് പദ്ധതി പൂർത്തിയാകുമ്പോൾ സർവ്വകലാശാലകളിലെ പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**